**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3809**
**15.03.2017 ലെ മറുപടിയ്ക്ക്**
**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| | **ശ്രീ.കെ.ഡി. പ്രസേനൻ** | ബഹു: ധനകാര്യവും കയറും വകുപ്പുമന്ത്രി<br>**ഡോ: ടി. എം. തോമസ് ഐസക്** |
| **എ** | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് പ്രത്യേക സോഫ്റ്റ്‌വെയർ രൂപകല്പന ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ; | ഉണ്ട്.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് നിർവ്വഹിക്കുന്ന സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ഓഡിറ്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS) എന്ന സോഫ്റ്റ് വെയർ കെൽട്രോൺ മുഖേന രൂപകൽപന ചെയ്തിട്ടുണ്ട്. 24.02.2011 ലെ സർക്കാർ ഉത്തരവ് നം. (സാധാ) 1366/2011/ധന. പ്രകാരമാണ് എയിംസ് സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുള്ളത്. ഓഡിറ്റുമായി ബന്ധപ്പെട്ട വാർഷിക പ്ലാൻ തയ്യാറാക്കുക, ഓഡിറ്റ് പ്ലാൻ അനുസരിച്ച് പ്രതിമാസ യാത്രാപരിപാടി തയ്യാറാക്കുക, ജോലി വിഭജനം നടത്തുക, ഓഡിറ്റ് അന്വേഷണ കുറിപ്പുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകുക, ഓഡിറ്റ് നോട്ടുകൾ തയ്യാറാക്കുക, ഓഡിറ്റ് റിപ്പോർട്ടുകൾ നൽകുക എന്നീ ജോലികളാണ് പ്രസ്തുത സോഫ്റ്റ് വെയറിലൂടെ നിർവ്വഹിക്കപ്പെടുന്നത്. |
| **ബി** | പ്രസ്തുത സോഫ്റ്റ്‌വെയർ മറ്റ് മേഖലകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത മേഖലകൾ ഏതെല്ലാമെന്ന് വിവരിക്കുമോ? | ഉണ്ട്.<br>സർവ്വകലാശാലകൾ, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, വികസന അതോറിറ്റികൾ, ദേവസ്വം ബോർഡുകൾ, ക്ഷേമനിധി ബോർഡുകൾ തുടങ്ങി ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമായ എല്ലാ പ്രവർത്തനങ്ങളും എയിംസ് സോഫ്റ്റ് വെയറിലൂടെ നിർവ്വഹിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സർവ്വകലാശാലകളുടെ വാർഷിക ധനകാര്യ പത്രികകൾ 2016-17 മുതൽ ഏകീകരിക്കുന്നതിനുള്ള നിർദ്ദേശം 14.2.2017 ലെ സ.ഉ.(എം.എസ്) നം. 79/2017/ധന. ൽ നൽകിയിട്ടുണ്ട്. കൂടാതെ ചാരിറ്റബിൾ എൻഡോവ്മെന്റുമായി ബന്ധപ്പെട്ട ജോലികളും എയിംസ് സോഫ്റ്റ് വെയറിന്റെ ഭാഗമായി നിർവ്വഹിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ